ഉത്തരം

(എ) അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. റവന്യൂ-സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി ബഹു. റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ജില്ലാതല റവന്യൂ അദാലത്തുകൾ നടത്തുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കോടതി കേസുകളിൽപ്പെടാത്ത പരാതികൾ പരിഗണിക്കുന്നതാണ്.

(സി) തീയതി നിശ്ചയിച്ചിട്ടില്ല.

വൈക്കം താലൂക്കിലെ കരിമണൽ ഖനനം

178 (1234) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം താലൂക്കിലെ, വെള്ളൂർ, ഉദയനാപുരം മറവൻ തുരുത്ത് പഞ്ചായത്തുകളിൽ കരിമണൽ ഖനനം നടത്തിയ എത്ര കഴികളാണ് നികത്താതെ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കഴികൾമൂലം ഉണ്ടാകുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത സ്ഥലങ്ങളിൽ ഖനനം നടത്തിയിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വൈക്കം താലൂക്കിൽ കരിമണൽ ഖനനം ഇല്ലാത്തതാണ്.

(ബി&സി) ബാധകമല്ല.

പട്ടയം വിതരണത്തിലെ കാലതാമസം

179 (1235) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർഹരായ വിവിധ ജനവിഭാഗങ്ങൾക്ക് പട്ടയം നൽകി വരുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പട്ടയം വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly